(സി) സെൻസസ് ജോലികൾ ഇപ്പോൾ കാര്യക്ഷമമായിട്ടാണ് നടന്നു വരുന്നത്.

പ്രചാരണ പ്രസിദ്ധീകരണങ്ങൾ

26 (26) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ മന്ത്രിസഭയുടെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രചാരണ പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചു ;

(ബി) ഇവ അച്ചടിച്ചതെവിടെയാണ് ;

(സി) ഇവ ആര്, ഏത്, പ്രസ്സിൽ അച്ചടിച്ചു എന്ന വിവരം പ്രസ്തുത പ്രസിദ്ധീകരണങ്ങളിൽ കൊടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) ഇതിൽ ഏതെങ്കിലും നിയമലംഘനമുള്ള പക്ഷം പ്രസ്തുത വിവരങ്ങളില്ലാതെ ഈ പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചവരുടെ മേൽ എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ മന്ത്രിസഭയുടെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 25 പുസ്തകങ്ങളും കൂടാതെ എല്ലാ വകുപ്പുകളുടേയും നേട്ടങ്ങൾ പ്രതിപാദിക്കുന്ന ഒരു പുസ്തകം (നിറവിന്റെ നാലു വർഷം) ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ (പ്രോമിസ് ആന്റ് പെർഫോമൻസ്) ഫോൾഡർ (1) ബ്രോഷർ (1) എന്നിവയാണ് പ്രസിദ്ധീകരിച്ചത്. കൂടാതെ 2 ഇനം പോസ്റ്ററുകളും ഒരിനം ബാനറും അച്ചടിച്ചിട്ടുണ്ട്. ലിസ്റ്റ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.*

(ബി) 25 പുസ്തകങ്ങൾ ഗവൺമെന്റ് പ്രസ്സിലാണ് അച്ചടിച്ചത് "നിറവിന്റെ നാലു വർഷം" "പ്രോമിസ് ആന്റ് പെർഫോമൻസ്" എന്നീ രണ്ടു പുസ്തകങ്ങളും ഒരു ബ്രോഷറും ഒരു ഫോൾഡറും രണ്ട് തരം പോസ്റ്ററുകളും അർദ്ധസർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്പോ ഗ്രാഫിക് സെന്ററിലാണ് അച്ചടിച്ചിട്ടുള്ളത്.

(സി) അച്ചടിച്ച പ്രസ്സിന്റെ പേര് എല്ലാ പുസ്തകങ്ങളുടേയും നാലാം പേജിൽ കൊടുത്തിട്ടുണ്ട്. ഫോൾഡറിൽ പ്രസ്സിന്റെ പേരില്ലെങ്കിലും പ്രസാധകന്റെ വിശദവിവരം അച്ചടിച്ചിട്ടുണ്ട്.

(ഡി&ഇ) പരിശോധിക്കുന്നതാണ്.

പറമ്പികുളം-ആളിയാർ കരാർ സംബന്ധിച്ച ചർച്ച

27 (27) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) മുല്ലപ്പെരിയാർ, പറമ്പികുളം, അളിയാർ എന്നി കരാറുകളെ സംബന്ധിച്ച് ഈ സർക്കാർ തമിഴ്നാടുമായി എത്ര ചർച്ചകൾ നടത്തിയിട്ടുണ്ട് ;

(ബി) ഇതിൽ മന്ത്രിതല ചർച്ചകൾ എത്ര ;

(സി) കേന്ദ്ര സർക്കാർ വിളിച്ചു കൂട്ടിയ എത്ര ചർച്ചകൾ നടത്തിയിട്ടുണ്ട് ;

(ഡി) ഓരോ ചർച്ചയിലും സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് എന്താണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) കരാറുകളെ സംബന്ധിച്ചുള്ള ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 28/11/96-ലാണ് ആദ്യമായി തമിഴ്നാടും കേരളവും തമ്മിൽ അന്തർ സംസ്ഥാന നദീജലചർച്ച നടക്കുന്നത്. ഈ ചർച്ചയിൽ മുല്ലപ്പെരിയാർ, പറമ്പികുളം-അലിയാർ എന്നീ കരാറുകളും ചർച്ച ചെയ്തിരുന്നു. തുടർന്ന് 13-8-1998-ലും 5-4-2000-ലും മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് ചർച്ച നടന്നു. 19-5-2000-ൽ കേന്ദ്ര ജല വിഭവ മന്ത്രി ഇരു സംസ്ഥാന മുഖ്യമന്ത്രിമാരുമായി മുല്ലപ്പെരിയാർ പ്രശ്നം ചർച്ച ചെയ്യുകയുണ്ടായി. 5-4-2000-ൽ നടന്ന ചർച്ച മുഖ്യമന്ത്രി തലത്തിലും 28-11-1996-ലേയും 13-8-1998-ലേയും ചർച്ചകൾ മന്ത്രിതലത്തിലുമായിരുന്നു നടന്നത്. 19-5-2000-ൽ ഇരു സംസ്ഥാന മുഖ്യമന്ത്രിമാരുമായി കേന്ദ്ര ജല വിഭവ മന്ത്രി ചർച്ച നടത്തി. കേന്ദ്ര സർക്കാർ രണ്ടു തവണ, മുല്ലപ്പെരിയാർ സംബന്ധിച്ച്, ചർച്ച വിളിച്ചു ചേർത്തിരുന്നു. 26-5-1998-ലും 19-5-2000-ലും.

(ഡി) മുല്ലപ്പെരിയാർ സംബന്ധിച്ച എല്ലാ ചർച്ചകളിലും സംസ്ഥാന താല്പര്യം മുൻനിർത്തി ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർത്താൻ യാതൊരു കാരണവശാലും അനുവദിക്കില്ല എന്ന നിലപാടാണ് കേരളം കൈക്കൊണ്ടത്.

(ഇ) 1886-ലെ പെരിയാർ പാട്ടക്കരാർ കാലാവധി 999 വർഷത്തേക്കാണ്. 1970-ൽ ഇതിനു വരുത്തിയ ഭേദഗതിക്കരാറിൽ ഓരോ 30 വർഷത്തിലും പാട്ടത്തുക പുതുക്കാനുള്ള വ്യവസ്ഥയുണ്ട്. അതനുസരിച്ച് 2000 മേയിൽ പുതുക്കാനുള്ള സമയമായി. നടപടികൾ പരിഗണനയിലാണ്. 1958 മുതൽ മുൻകാല പ്രാബല്യത്തോടെ 1970-ൽ ഒപ്പു വച്ച പറമ്പികുളം-അലിയാർ കരാർ ഓരോ മുപ്പതു വർഷം കൂടുമ്പോഴും പുതുക്കാൻ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 1988-ൽ പുനരവലോകനം ചെയ്യേണ്ടതായിരുന്നു. ഇതിനുള്ള നടപടികളും തുടർന്നു വരികയാണ്.

സ്വാതന്ത്ര്യ സമര പെൻഷൻ നല്കുവാൻ നടപടി

28 (28) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സ്വാതന്ത്ര്യസമര സേനാനി പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച് പി.കുഞ്ഞിരാമകുറുപ്പ്, പുത്തൻപുരയിൽ വീട്, കല്പത്തൂർ, കൊയിലാണ്ടി എന്ന ആളിന്റെ നിവേദനത്തിൻമേൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly